ഉത്തരം

(എ) 33 എണ്ണം.

(ബി) 13.44 കോടി രൂപയുടെ മരുന്ന് വിൽപ്പന നടത്തിയിട്ടുണ്ട്.

(സി) പരമാവധി ചില്ലറ വിൽപ്പന (എം. ആർ. പി.) വിലയേക്കാൾ 10 ശതമാനം മുതൽ 30 ശതമാനം വരെ വിലകുറച്ചാണ് മാവേലി മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകൾ വിൽക്കുന്നത്.

(ഡി&ഇ) അനുയോജ്യവും വിൽപ്പന സാധ്യതയുള്ളതുമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് താലൂക്ക് ആശുപത്രികളോടനുബന്ധിച്ച് മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

മാർജിൻഫ്രീ സ്ഥാപനങ്ങളുടെ പ്രവർത്തനം

59 (1854) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമ്മോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മാർജിൻഫ്രീ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) മാർജിൻഫ്രീ സ്ഥാപനങ്ങളിൽ സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ സാധനങ്ങൾക്ക് ഈടാക്കുന്ന വിലയെ സംബന്ധിച്ചും നൽകുന്ന ഇളവുകളെ സംബന്ധിച്ചും പരിശോധിച്ചിട്ടുണ്ടോ ;

(ഡി) മാർജിൻഫ്രീ സ്ഥാപനങ്ങൾ ഏകോപിത രൂപത്തിലും ജനോപകാരപ്രദവുമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) മാർജിൻഫ്രീ മാർക്കറ്റുകൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ല എന്നതിനാൽ ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. സ്വകാര്യ കച്ചവട സ്ഥാപനങ്ങളായ ഇവയ്ക്ക് മറ്റു സ്വകാര്യ കച്ചവട സ്ഥാപനങ്ങൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ബാധകമാണ്. ഇവയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഈടാക്കുന്ന വില, നൽകുന്ന ഇളവുകൾ എന്നിവയെ സംബന്ധിച്ചും ഉള്ള വിവരങ്ങൾ സർക്കാർ ശേഖരിച്ചിട്ടില്ല.

പെട്രോളിൽ മായം ചേർക്കുന്നത് തടയുവാൻ നടപടി

60 (1855) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമ്മോ:

(എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകൾ വഴി വിതരണം നടത്തുന്ന പെട്രോളിൽ മായം ചേർക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(സി) കഴിഞ്ഞ ഒരു വർഷത്തിനകം ഇത്തരം എത്ര കേസ്സുകൾ പിടിച്ചിട്ടുണ്ട് എന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly